ചീമേനിയിലെ തുറന്ന ജയിൽ

89 (3018)ശ്രീ. കെ.പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ തുറന്ന ജയിൽ സ്ഥാപിക്കുവാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ ചീമേനിയിൽ തുറന്ന ജയിൽ സ്ഥാപിക്കുന്നതിന് റിസർവ്വേ നം. 260/1എ-യിൽപ്പെട്ടതും പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള എന്ന സ്ഥാപനത്തിന്റെ കൈവശത്തിലിരുന്നതുമായ കുറവ് II എസ്റ്റേറ്റിൽപ്പെട്ട 308.75 ഏക്കർ സ്ഥലം ജയിൽ വകുപ്പിന് കൈമാറ്റം ചെയ്തു കിട്ടി. പ്രസ്തുത വസ്തുവിന് ചുറ്റും 15 ലക്ഷം രൂപ എസ്റ്റിമേറ്റിൽ കമ്പിവേലി കെട്ടുന്നതിന് തുക പൊതുമരാമത്തു വകുപ്പിനെ ഏൽപ്പിക്കുകയും, ടി വകുപ്പ് പണി തുടങ്ങുന്നതിനുള്ള ടെണ്ടർ 30.7.1999-ന് വയ്ക്കുകയും ചെയ്തിട്ടുണ്ട്. തുറന്ന ജയിൽ സ്ഥാപിക്കുന്നതിനാവശ്യമുള്ള ഓഫീസ് കെട്ടിടം, തടവുകാർക്ക് ഉള്ള ബ്ലോക്ക്, അടുക്കള എന്നിവയ്ക്ക് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനുള്ള ഭരണാനുമതി സർക്കാർ പരിഗണനയിലാണ്.

ജീവപര്യന്തം തടവുകാരുടെ വേതനം

90 (3019)ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളിലെ ജീവപര്യന്തം തടവുകാരുടെ ജോലിക്കുള്ള വേതനത്തിൽ വർദ്ധനവ് വരുത്തുവാൻ ഏതെങ്കിലും കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ നടപടി എത്രത്തോളമായി?

ഉത്തരം

(എ)&(ബി) തടവുകാർക്ക് വേതന വർദ്ധനവ് നൽകുന്നതിനായി ശുപാർശകൾ സമർപ്പിക്കാൻ ഒരു വേജ് ഫിക്സേഷൻ ബോഡി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി മേജർ ജയിലുകളെല്ലാം തന്നെ ഇതിനകം സന്ദർശിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകൾ കിട്ടുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

നെട്ടുകാൽത്തേരി ജയിലിലെ തടവുകാരുടെ മോചനം

91 (3020)ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെട്ടുകാൽത്തേരി തുറന്ന ജയിലിലെ ജീവപര്യന്തം തടവുകാരുടെ മോചനം സംബന്ധിച്ച് 11.2.1999-ൽ കായംകുളം എം.എൽ.എ. മുഖ്യമന്ത്രിക്കയച്ച കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly